പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3049** **22.06.2012 ൽ മറുപടിയ്ക്ക്**

## ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് ധനസഹായം

| **ചോദ്യം**<br>ശ്രീ.കോടിയേരി ബാലകൃഷ്ണൻ | **മറുപടി**<br>ശ്രീ.കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് എത്ര തുക ധനസഹായം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(ബി) ആത്മഹത്യ ചെയ്ത ഓരോ കർഷകന്റെ കുടുംബത്തിനും എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്താമോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത 15 കർഷകരുടെ കുടുംബങ്ങൾക്ക് ഒരു ലക്ഷം രൂപ വീതം ആകെ 15 ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആത്മഹത്യ ചെയ്ത 12 കർഷകർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കർഷക കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ എന്തെങ്കിലും ധനസഹായം നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ കുടുംബത്തിനും നൽകിയ തുകയുടെ വിശദാംശം വെളിപ്പെടുത്താമോ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് കേന്ദ്രസർക്കാർ ധനസഹായം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ